ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 01.10.2026** **TIME : 07.25 AM**

## പ്രധാന വാർത്തകൾ

1. യുപിഎസ്സി ശതാബ്ദി ആഘോഷങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂഡൽഹിയിൽ അഭിസംബോധന ചെയ്യും.

   **Prime Minister Narendra Modi will participate in the Centenary Celebrations of the UPSC at Bharat Mandapam in New Delhi today.**

2. രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഡിഫൻസ് അക്കൗണ്ട്സ് വകുപ്പിൻ്റെ 279-ാമത് വാർഷികാഘോഷത്തിൽ പങ്കെടുക്കും.

   **Defence Minister Rajnath Singh will attend the 279th Annual Day of the Defence Accounts Department (DAD) in New Delhi today.**

3. ജനങ്ങൾക്ക് സമഗ്ര ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്നതിൽ രാജ്യം മികച്ച പുരോഗതി കൈവരിച്ചതായി കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ.

   **Union Health and Family Welfare Minister J.P. Nadda has highlighted India's progress toward holistic and inclusive healthcare, with a greater emphasis on prevention and health promotion.**

4. ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. കേരളത്തിൽ വിവിധ വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ തിരുവനന്തപുരത്ത് നിർവഹിക്കും.

Today is the International Day of Older Persons. In Kerala, Chief Minister V.D. Satheesan will inaugurate various welfare schemes for the elderly in Thiruvananthapuram.

5. ബാങ്കിംഗ് രേഖകൾ തെളിവായി ഉപയോഗിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന -'ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്റ്റ്, 2026' ഇന്ന് മുതൽ പ്രാബല്യത്തിൽ.

The Bankers' Books Evidence Act, 2026 will come into force from today.

6. ഏഷ്യൻ ഗെയിംസിൽ 60 മെഡലുകളുമായി മുന്നേറ്റം തുടർന്ന് ഇന്ത്യ. വെസ്റ്റ് ഇൻഡീസിനെതിരായ ഏകദിന ക്രിക്കറ്റ് പരമ്പര ഇന്ത്യക്ക്.

India continues its progress at the Asian Games with 60 medals. India wins the ODI cricket series against West Indies.

## PM UPSC (INTRO)

ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിൽ ഇന്ന് നടക്കുന്ന യുപിഎസ്സി ശതാബ്ദി ആഘോഷങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി അഭിസംബോധന ചെയ്യും.

ഒരു റിപ്പോർട്ട്............

(വോയിസ്)

1926-ൽ യുപിഎസ്സി സ്ഥാപിതമായതിൻറെ നൂറാം വാർഷികത്തോടനുബന്ധിച്ച് കഴിഞ്ഞ വർഷം ഒക്ടോബർ 1-ന് ആരംഭിച്ച ആഘോഷപരിപാടികളാണ് ഇന്ന് സമാപിക്കുന്നത്. ചടങ്ങിൽ ശതാബ്ദി സ്മരണിക നാണയം, തപാൽ സ്റ്റാമ്പ്, 100 ലാൻഡ്മാർക്ക് ജഡ്ജ്മെൻറ്സ് - ഷേപ്പിംഗ് ദി പോളിസീസ് ഓഫ് യുപിഎസ്സി ആൻഡ് പബ്ലിക് സർവീസ് കമ്മീഷൻസ് ഇൻ ഇന്ത്യ - പുസ്തകം എന്നിവ പ്രധാനമന്ത്രി പ്രകാശനം ചെയ്യും. സംസ്ഥാന പബ്ലിക് സർവീസ് കമ്മീഷനുകളുടെ ചെയർമാൻമാരും അംഗങ്ങളും, ഉന്നത ഉദ്യോഗസ്ഥർ, വിദ്യാഭ്യാസ വിദഗ്ധർ, യുപിഎസ്സി ഉദ്യോഗസ്ഥർ തുടങ്ങി പ്രമുഖർ പങ്കെടുക്കും. യുപിഎസ്സി സംഘടിപ്പിക്കുന്ന രണ്ട് ദിവസത്തെ പരിപാടിയുടെ

ഭാഗമായാണ് ചടങ്ങ്. ഇതിന്റെ ഭാഗമായി ഇന്നലെ ഭാരത് മണ്ഡപത്തിൽ 'ശതാബ്ദി സമാരോഹ് - മന്ഥൻ' സംഘടിപ്പിച്ചിരുന്നു. **ന്യൂസ് ഡെസ്ക് ആകാശവാണി..........**

## RAJNATH DEFENCE

രാജ്യരക്ഷ മന്ത്രി രാജ്നാഥ് സിംഗ് ഇന്ന് ന്യൂഡൽഹിയിൽ ഡിഫൻസ് അക്കൗണ്ട്സ് വകുപ്പിൻ്റെ 279-ാമത് വാർഷികാഘോഷത്തിൽ പങ്കെടുക്കും. ഡിഫൻസ് അക്കൗണ്ട്സ് വകുപ്പിന്റെ വിവിധ ഐടി സംരംഭങ്ങൾ അദ്ദേഹം ഉദ്ഘാടനം ചെയ്യും. ഇന്ത്യൻ ആർമി ഫിനാൻഷ്യൽ ഇൻഫർമേഷൻ സിസ്റ്റത്തെ 'സക്ഷം' പ്ലാറ്റ്ഫോമുമായി സംയോജിപ്പിക്കുക, 'പേയ്മെൻ്റ് റൂട്ടിംഗ് ആൻഡ് ഇൻ്റഗ്രേറ്റഡ് സിസ്റ്റം മാനേജ്മെൻ്റ് പ്ലാറ്റ്ഫോം' എന്നിവ ഇതിൽ ഉൾപ്പെടുന്നു. കൂടാതെ, നിരവധി പ്രസിദ്ധീകരണങ്ങളും അദ്ദേഹം പുറത്തിറക്കും.

## NADDA - GASTROENTEROLOGY (INTRO)

രോഗപ്രതിരോധത്തിനും ആരോഗ്യസംരക്ഷണത്തിനും മുൻഗണന നൽകിക്കൊണ്ട്, സമഗ്രമായ ആരോഗ്യപരിരക്ഷ ഉറപ്പാക്കുന്ന പദ്ധതിയിൽ ഇന്ത്യ കൈവരിച്ച പുരോഗതി ആവർത്തിച്ച് കേന്ദ്ര ആരോഗ്യമന്ത്രി ജെ.പി. നഡ്ഡ. ന്യൂഡൽഹിയിൽ നടന്ന നാല് ദിവസത്തെ 'വേൾഡ് കോൺഗ്രസ് ഓഫ് ഗ്യാസ്ട്രോഎൻ്ററോളജി' സമ്മേളനത്തെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം. ഓരോ കുടുംബത്തിനും അഞ്ച് ലക്ഷം രൂപയുടെ ആരോഗ്യ ഇൻഷുറൻസ് പരിരക്ഷ നൽകുന്ന ആയുഷ്മാൻ ഭാരത്-പ്രധാൻ മന്ത്രി ജൻ ആരോഗ്യ യോജന വഴി 60 കോടിയിലധികം ഗുണഭോക്താക്കൾക്ക് പരിരക്ഷ ലഭിക്കുന്നതായും അദ്ദേഹം വ്യക്തമാക്കി.

(voice)

## CABINET

റാബി വിളകൾക്ക് 2027-28 വിപണന കാലയളവിൽ താങ്ങുവില വർദ്ധിപ്പിക്കാൻ അനുമതി നൽകി കേന്ദ്ര മന്ത്രിസഭയുടെ സാമ്പത്തിക കാര്യ സമിതി. ഗോതമ്പും, ബാർലിയും

ഉൾപ്പെടെയുള്ള വിളകളുടെ കുറഞ്ഞ താങ്ങുവിലയാണ് വർധിപ്പിച്ചത്. ഹരിതോർജ്ജ ഇടനാഴിയുടെ മൂന്നാം ഘട്ട വികസനത്തിനും മന്ത്രിസഭയുടെ അനുമതി ലഭിച്ചു.

## BANKERS EVIDENCE ACT

'ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്റ്റ്, 2026' ഇന്ന് മുതൽ പ്രാബല്യത്തിൽ. ഓഗസ്റ്റ് 13-നാണ് നിയമത്തിന് രാഷ്ട്രപതിയുടെ അംഗീകാരം ലഭിച്ചത്. നിലവിലുണ്ടായിരുന്ന 'ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്റ്റ്, 1891'-ന് പകരമാണ് പുതിയ നിയമം. ബാങ്കേഴ്സ് ബുക്കിന്റെ ഡിജിറ്റൽ രേഖകൾ തെളിവായി ഉപയോഗിക്കാൻ കഴിയുന്ന തരത്തിലുള്ള വ്യവസ്ഥയും ഈ നിയമത്തിലുണ്ട്.

## The International Day of Older Persons

ഇന്ന് അന്താരാഷ്ട്ര വയോജന ദിനം. 1991 ഒക്ടോബർ 1-മുതലാണ് മുതിർന്നവർക്ക് വേണ്ടി ഐക്യരാഷ്ട്രസഭ ദിനം ആചരിച്ചു തുടങ്ങിയത്. "ദീർഘായുസ്സിന്റെ കാലം : ദീർഘകാല ജീവിതത്തിനായി ഒരു പുനർവിചിന്തനം എന്നതാണ് ഈ വർഷത്തെ പ്രമേയം . വയോജനങ്ങളുടെ അവകാശങ്ങൾ, അന്തസ്സ്, സാമൂഹിക പങ്കാളിത്തം എന്നിവ പ്രോത്സാഹിപ്പിക്കുന്നത് ലക്ഷ്യമിട്ടാണ് ദിനാചരണം .

## OLDER PEOPLE DAY - CM KERALA

അന്താരാഷ്ട്ര വയോജന ദിനാഘോഷത്തിന്റെ ഭാഗമായി കേരളത്തിൽ വിവിധ വയോജന ക്ഷേമ പദ്ധതികളുടെ ഉദ്ഘാടനം മുഖ്യമന്ത്രി വി.ഡി.സതീശൻ ഇന്ന് തിരുവനന്തപുരത്ത് നിർവഹിക്കും. ഇതിനോടനുബന്ധിച്ച് ഇന്നലെ നടന്ന വിളംബര ജാഥ തിരുവനന്തപുരത്ത് മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്തു.

## NATIONAL COASTAL MISSION

ദേശീയ തീരദേശ ദൗത്യം നടപ്പാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ കേന്ദ്രമന്ത്രി ഭൂപേന്ദർ യാദവ് ന്യൂഡൽഹിയിൽ പുറത്തിറക്കി. 767 കോടി രൂപ വകയിരുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതി , രാജ്യത്തെ ഒമ്പത് തീരദേശ സംസ്ഥാനങ്ങളിലും നാല് കേന്ദ്രഭരണ പ്രദേശങ്ങളിലുമായി 2031 വരെ നടപ്പിലാക്കും. തീരദേശ മേഖലകളുടെ പ്രതിരോധശേഷിയും സുസ്ഥിരതയും ശക്തിപ്പെടു ത്തുന്നതിനും നീല സമ്പദ് വ്യവസ്ഥയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നതിനും പദ്ധതി ലക്ഷ്യമിടുന്നതായി മാർഗ്ഗ നിർദ്ദേശങ്ങൾ പുറത്തിറക്കിക്കൊണ്ട്, ശ്രീ യാദവ് പറഞ്ഞു.

## SEVA SANKALP ABHIYAN (INTRO)

പ്രധാനമന്ത്രി നരേന്ദ്രമോദി, ഭരണ നേതൃത്വത്തിൽ 25 വർഷം പൂർത്തിയാക്കുന്നതിൻറെ ഭാഗമായി രാജ്യമെമ്പാടും സേവാ സങ്കൽപ് അഭിയാൻ പരിപാടികൾ പുരോഗമിക്കുന്നു. കേന്ദ്ര സർക്കാർ നടപ്പിലാക്കിയ ബാങ്കിംഗ് സെക്ടർ ക്ലീൻ അപിനെക്കുറിച്ചാണ് സേവാ സങ്കൽപ്പ് അഭിയാൻ' പ്രത്യേക പരമ്പരയിൽ, ഇന്ന്.

**വിശദാംശങ്ങളിലേക്ക്............**

(വോയിസ്)

ബാങ്കിംഗ് മേഖലയിലെ കിട്ടാക്കടം കുറയ്ക്കാനും ബാങ്കുകളുടെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാനുമായി റിസർവ് ബാങ്കും കേന്ദ്ര സർക്കാരും സഹകരിച്ചു നടപ്പാക്കിയ പ്രക്രിയയാണ് ബാങ്കിംഗ് സെക്ടർ ക്ലീൻ അപ്. ബാങ്കുകളുടെ ബാലൻസ് ഷീറ്റുകൾ പൂർണ്ണമായും സുതാര്യമാക്കുക, പൊതുമേഖലാ ബാങ്കുകളെ ചരിത്രത്തിലെ ഏറ്റവും ഉയർന്ന ലാഭത്തിലെത്തിക്കുക, എന്നിവയായിരുന്നു ബാങ്കിംഗ് സെക്ടർ ക്ലീൻ അപിൻറെ പ്രധാന ലക്ഷ്യങ്ങൾ. 2006-2008 കാലഘട്ടത്തിലെ അമിതമായ വായ്പാവിതരണത്തെ തുടർന്ന് തകർച്ചയിലെത്തിയ ബാങ്കിംഗ് മേഖലയെ വീണ്ടെടുക്കാൻ ഈ സംവിധാനത്തിലൂടെ സാധിച്ചു. വായ്പ നൽകാനുള്ള ബാങ്കുകളുടെ ശേഷി വർദ്ധിച്ചതോടെ രാജ്യത്തെ ക്രെഡിറ്റ് വളർച്ച 18.8% ആയി ഉയർന്നതായാണ് കണക്കുകൾ സൂചിപ്പിക്കുന്നത്.

## SWACHCHATHA HI SEVA

സ്വച്ഛത സേ സമൃദ്ധി സന്ദേശമുയർത്തിക്കൊണ്ട് നടക്കുന്ന സ്വച്ഛത ഹി സേവ 2026 കാമ്പയിന്റെ ഭാഗമായി എം.പി.ഇ.ഡി.എ - നെറ്റ്ഫിഷിൻറെ നേതൃത്വത്തിൽ ആലപ്പാട് അഴീക്കൽ ഫിഷിംഗ് ഹാർബറിലെ മത്സ്യത്തൊഴിലാളികൾ, അനുബന്ധ തൊഴിലാളികൾ, ബോട്ട് ഉടമകൾ എന്നിവർക്കായി ബോധവൽക്കരണ പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ ഹാർബറിൽ നിന്നുള്ള 50 ലധികം പേർ പങ്കെടുത്തു.

## SAFAI MITRAS – SHIVIR

സ്വച്ഛത ഹി സേവ 2026 പ്രചാരണത്തിൻറെ ഭാഗമായി, കേന്ദ്ര സാമൂഹിക നീതി-ശാക്തീകരണ മന്ത്രാലയം ന്യൂഡൽഹിയിൽ ദേശീയതല സഫായി മിത്ര സുരക്ഷാ ഏവം സമ്മാൻ ശിവിർ സംഘടിപ്പിച്ചു. 'നമസ്തേ' പദ്ധതി ക്ഷേമ സഹായങ്ങൾക്കപ്പുറം ശുചീകരണ തൊഴിലാളികളുടെ സുരക്ഷ, അന്തസ്സ്, ദീർഘകാലാടിസ്ഥാനത്തിലുള്ള സാമൂഹിക-സാമ്പത്തിക ഉന്നമനം എന്നിവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി കേന്ദ്രമന്ത്രി വീരേന്ദ്ര കുമാർ പറഞ്ഞു.

## ASIAN GAMES

ഏഷ്യൻ ഗെയിംസിൽ മെഡൽ കുതിപ്പ് തുടർന്ന് ഇന്ത്യ. നിലവിൽ 10 സ്വർണ്ണവും 21 വെള്ളിയും 29 വെങ്കലവും ഉൾപ്പെടെ 60 മെഡലുകളുമായി ഇന്ത്യ എട്ടാം സ്ഥാനത്താണ്. ഇന്നലെ നാല് സ്വർണവും, മൂന്ന് വെങ്കലവുമാണ് ഇന്ത്യൻ താരങ്ങൾ സ്വന്തമാക്കിയത്. അമ്പെയ്ത്തിൽ മൂന്ന് സ്വർണവും, ഷൂട്ടിങ്ങിൽ ഒരു സ്വർണവുമാണ് ഇന്നലെ ലഭിച്ചത്. ബോക്സിങ്ങിൽ രണ്ടും ഗുസ്തിയിൽ ഒരു വെങ്കലവും ഇന്നലെ ലഭിച്ചു.

## REV. CRICKET – IND VS WI

ഗുവാഹത്തിയിൽ നടന്ന ഏകദിന ക്രിക്കറ്റ് പരമ്പരയിലെ രണ്ടാം മത്സരത്തിൽ വെസ്റ്റ് ഇൻഡീസിനെ എട്ട് വിക്കറ്റിന് പരാജയപ്പെടുത്തി ഇന്ത്യ. ഇതോടെ രണ്ടു മത്സരങ്ങൾ വിജയിച്ച ഇന്ത്യ പരമ്പര സ്വന്തമാക്കി . ആദ്യം ബാറ്റ് ചെയ്ത വെസ്റ്റ് ഇൻഡീസ്, 7 വിക്കറ്റ് നഷ്ടത്തിൽ 405 റൺസ് നേടി. ജോൺ ക്യാമ്പ്ബെൽ, ഷായ് ഹോപ്പ്, അമീർ ജംഗൂ എന്നിവർ സെഞ്ച്വറി നേടി. മറുപടി ബാറ്റിംഗിൽ, 27 പന്ത് ബാക്കി നിൽക്കെ രണ്ട് വിക്കറ്റ് നഷ്ടപ്പെടുത്തിൽ ഇന്ത്യ ലക്ഷ്യം കണ്ടു . ക്യാപ്റ്റൻ ശുഭ്മാൻ ഗിൽ 133 പന്തിൽ നിന്ന് പുറത്താകാതെ 223 റൺസും , രോഹിത് ശർമ്മ 75 പന്തിൽ 101 റൺസും നേടി. മികച്ച പ്രകടനം കാഴ്ചവെച്ച ഗിൽ 'പ്ലെയർ ഓഫ് ദി മാച്ച്' ആയി തിരഞ്ഞെടുക്കപ്പെട്ടു.

## TRIVANDRUM CLASH

തിരുവനന്തപുരം നഗരത്തിൽ യൂത്ത് കോൺഗ്രസ് നടത്തിയ മാർച്ചിനിടെ സംഘർഷം. മുഖ്യതിരഞ്ഞെടുപ്പ് കമ്മിഷണർ ഗ്യാനേഷ് കുമാർ രാജിവയ്ക്കണമെന്നാവശ്യപ്പെട്ട് മന്ത്രി ഒ.ജെ. ജനീഷ്, ഷാഫി പറമ്പിൽ എം.പി. ഉൾപ്പെടെയുള്ളവർ നയിച്ച സെക്രട്ടേറിയറ്റ് മാർച്ചിനിടെയാണ് സംഘർഷമുണ്ടായത്. പ്രകടനത്തിനുനേരെ പാളയം യൂണിവേഴ്സിറ്റി മെൻസ് ഹോസ്റ്റലിൽനിന്ന് കല്ലേറുണ്ടായി. യൂത്ത് കോൺഗ്രസ് പ്രവർത്തകർ തിരികെ തീപ്പന്തം എറിയുകയും സ്ഥലത്ത് വൻ സംഘർഷാവസ്ഥ രൂപപ്പെടുകയുമായിരുന്നു. സംഘർഷം രൂക്ഷമായതിനെ തുടർന്ന് പോലീസ് ഗ്രനേഡും കണ്ണീർവാതകവും പ്രയോഗിക്കുകയും ലാത്തിച്ചാർജ് നടത്തുകയും ചെയ്തു. അതേസമയം, ബിജെപി ദേശീയ നിർവാഹക സമിതി അംഗം പി കെ കൃഷ്ണദാസിന്റെ വാഹനത്തിന് നേരെയുണ്ടായ ആക്രമണത്തിന് പിന്നാലെ, മാരാർജി ഭവന് നേരെയും കുപ്പികളും, കല്ലുകളും വലിച്ചെറിഞ്ഞ് ആക്രമണം നടത്തിയതായി ആരോപണമുണ്ട്.

## ACAIMD – WEATHER

കർണാടക, മാഹി, തമിഴ്നാട്, പുതുച്ചേരി, കാരയ്ക്കൽ എന്നിവിടങ്ങളിൽ ഇന്ന് ശക്തമായ മഴയ്ക്ക് സാധ്യതയുള്ളതായി കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. നാഗാലാൻഡ്, മണിപ്പൂർ, മിസോറാം, ത്രിപുര എന്നിവിടങ്ങളിലും സമാനമായ കാലാവസ്ഥ ഉണ്ടാകുമെന്നും മുന്നറിയിപ്പുണ്ട്.

## RAIN KERALA

സംസ്ഥാനത്ത് ഒറ്റപ്പെട്ട ഇടങ്ങളിൽ ഇടിമിന്നലോടുകൂടിയ മഴയ്ക്കും ശക്തമായ കാറ്റിനും സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ഇന്ന് പത്തനംതിട്ട, കോട്ടയം, എറണാകുളം, ഇടുക്കി, പാലക്കാട്, മലപ്പുറം എന്നീ ആറു ജില്ലകളിൽ മഞ്ഞ ജാഗ്രത.

## PM – TRUMP

പ്രധാനമന്ത്രി നരേന്ദ്രമോദി യുഎസ് പ്രസിഡൻറ് ഡോണൾഡ് ട്രംപുമായി ടെലഫോൺ സംഭാഷണം നടത്തി. വ്യാപാരം, പ്രതിരോധം, ഊർജ്ജം തുടങ്ങിയ മേഖലയിലെ ഉഭയകക്ഷി സഹകരണം നേതാക്കൾ വിലയിരുത്തി. സമഗ്ര ആഗോള തന്ത്രപ്രധാന പങ്കാളിത്തം ശക്തിപ്പെടുത്താനും ഇരുവർക്കുമിടയിൽ ധാരണയായി.